**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ. ഹരികുമാറിന് സദ്സേവന രേഖ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.2362/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,04/08/2016.

പരാമർശം :- 1. ആറ്റിങ്ങൽ നഗരസഭാ കൗൺസിലിന്റെ 17.03.2014 തീയതിയിലെ 9(5) -ാം നമ്പർ തീരുമാനം.

2. കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 10.03.2016 തീയതിയിലെ സി-2145/15 നമ്പർ കത്ത്.

3. നഗരകാര്യ ഡയറക്ടറുടെ 16.04.2016, 03.05.2016 തീയതികളിലെ ഇ 2-5914/14 നമ്പർ കത്ത്.

**ഉത്തരവ്**

ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറിയായി 03.11.2008 മുതൽ 02.01.2011 വരെയും 14.11.2011 മുതൽ 03.11.2013 വരെയും സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ. കെ. ഹരികുമാർ ടി നഗരസഭയെ UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി ഖരമാലിന്യ സംസ്കരണ രംഗത്ത് നൂതനമായ ഒരു കുതിച്ചു ചാട്ടത്തിലൂടെ കേരളത്തിലെ നഗരസഭകൾക്കാകമാനം മാതൃകയാക്കുന്ന രീതിയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതും ആയതിലേക്കാവശ്യമായ 1 ഏക്കർ 24 സെന്റ് ഭൂമി അധികമായി നഗരസഭ സ്വായത്തമാക്കിയിട്ടുള്ളതും നഗരസഭകളിൽ പൊതുവേ കണ്ടു വരുന്ന എൻജിനീയറിംഗ് വിഭാഗത്തിന്റെ അകൽച്ച ആറ്റിങ്ങൽ നഗരസഭയിൽ, പ്രത്യേകിച്ച് ശ്രീ.കെ.ഹരികുമാർ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന കാലയളവിൽ ഒട്ടും തന്നെ ഇല്ലായിരുന്നതിനാൽ മരാമത്ത് പ്രവർത്തികളുടെ സുതാര്യർഹമായ നിർവ്വഹണവും പ്ലാൻ ഫണ്ട് തുക ഏറെക്കുറെ പൂർണ്ണമായും ചെലവഴിക്കുന്നതിന് സാധ്യമായിട്ടുമുള്ളതിനാൽ ശ്രീ..കെ.ഹരികുമാറിന് സദ്സേവന രേഖ നൽകുന്നതിന് നാമനിർദ്ദേശം ചെയ്യുന്നതിന് ആറ്റിങ്ങൽ നഗരസഭാ കൗൺസിൽ പരാമർശം ഒന്ന് പ്രകാരം തീരുമാനിക്കുകയുണ്ടായി. ശ്രീ.കെ.ഹരികുമാർ നഗരസഭാ കൗൺസിലുമായി വളരെയധികം സഹവർത്തിത്വത്തോട് കൂടി പ്രവർത്തിക്കുകയും ടിയാന്റെ ദീർഘ വീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങളും സർവ്വോപരി നേതൃപാടവവും നഗരസഭയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികസനത്തിനും ഉതകിയിട്ടുണ്ട് എന്നത് അവിതർക്കിതമായ വസ്തുതയാണെന്നും ടിയാന്റെ സേവനകാലയളവിൽ ആറ്റിങ്ങൽ നഗരസഭ 2011-12 ലെ മികച്ച നഗരസഭയ്ക്കുള്ള അവാർഡ്,

പൊതുജന സേവനരംഗത്തെ നൂതനാശയ ആവിഷ്കാരത്തിനുള്ള 2012-ലെ innovation പുരസ്കാരം, Pollution Control Board ന്റെ തുടർച്ചയായ 4 വർഷത്തെ അവാർഡ് എന്നിവ നേടിയിട്ടുണ്ടെന്നും കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ നഗരസഭയുടെ സമഗ്ര വികസനത്തിന് നേതൃത്വം വഹിച്ച സെക്രട്ടറി ശ്രീ.കെ. ഹരികുമാറിന് പാരിതോഷികം എന്ന നിലയിൽ സദ്സേവന രേഖ നൽകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം മൂന്ന് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് ആറ്റിങ്ങൽ നഗരസഭയുടെ സമഗ്ര വികസനത്തിന് മുൻകൈ എടുത്ത സെക്രട്ടറി ശ്രീ.കെ.ഹരികുമാറിന് പാരിതോഷികം എന്ന നിലയിൽ സദ്സേവന രേഖ നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമേശൻ എം.കെ.
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചെയർമാൻ/ ചെയർപേഴ്സൺ, ആറ്റിങ്ങൽ നഗരസഭ.
ശ്രീ.കെ. ഹരികുമാർ, സെക്രട്ടറി, തിരുവല്ല നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ ഡിവിഷൻ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.